LIBRARY ARCHIVES Kerala Legislative Assembly

കാലടി പഞ്ചായത്തിലെ വെള്ളത്തിന്റെ ഗുണനിലവാരം

207 (1624) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലടി പഞ്ചായത്തിലെ വെള്ളത്തിന്റെ ഗുണനിലവാരം അപകടകരമാണെന്ന പഠന റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കാലടി ഗ്രാമപഞ്ചായത്തിലെ വെള്ളത്തിന്റെ ഗുണനിലവാരം അപകടകരമാണെന്ന പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

കാസർഗോഡ് ജില്ലയിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ

208 (1625) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ തദ്ദേശസ്വയം ഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസി. എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ എത്ര തസ്തികകളാണ് ഒഴിഞ്ഞ് കിടക്കുന്നത് ;

(ബി) ഈ തസ്തികകൾ നികത്തുന്നതിന് ചീഫ് എഞ്ചിനീയർ നൽകിയ ഉത്തരവുപ്രകാരം താൽക്കാലികാടിസ്ഥാനത്തിൽ എത്രപേർ ജോലി ചെയ്യുന്നു ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ചീഫ് എഞ്ചിനീയർ നിയമന ഉത്തരവ് നൽകിയവർ ഭൂരിഭാഗം പേരും ജില്ലയ്ക്ക് പുറത്തുള്ളവരായതിനാൽ കാസർഗോഡ് വന്ന് ജോലി ചെയ്യാൻ സന്നദ്ധരാകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ കലക്ടറുടെ നേതൃത്വത്തിൽ ജില്ലയിൽ നിന്നുതന്നെയുള്ള ഉദ്യോഗാർഥികളെ കണ്ടെത്തി നിയമിക്കുന്നതിന് പ്രത്യേക അനുമതി നൽകുന്ന വിഷയം പരിഗണിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)	അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ	-	5
	അസി. എഞ്ചിനീയർ	-	11
	ഒന്നാംതരം ഓവർസീയർ	-	14
	രണ്ടാംതരം ഓവർസീയർ	-	10
	മൂന്നാംതരം ഓവർസീയർ	-	2
(ബി)	അസി. എഞ്ചിനീയർ	-	4
	ഒന്നാംതരം ഓവർസീയർ	-	13
	രണ്ടാംതരം ഓവർസീയർ	-	9

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

കുടുംബശ്രീയും ജനശ്രീയും

209 (1627) ശ്രീ. എ. കെ. ബാലൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീയ്ക്ക് നൽകിവരുന്ന ഏതെങ്കിലും സാമ്പത്തിക സഹായം ജനശ്രീ വഴിയും നൽകാൻ തീരുമാനം എടുത്തിട്ടുണ്ടോ ; എങ്കിൽ ഇതുസംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും കുടുംബശ്രീയ്ക്കും ജനശ്രീയ്ക്കും നൽകിയ സാമ്പത്തിക സഹായങ്ങൾ സംബന്ധിച്ച് വിശദമാക്കാമോ ;

(സി) സ്ത്രീശാക്തീകരണത്തിന് കുടുംബശ്രീയേക്കാൾ എന്ത് പ്രവർത്തന മികവാണ് ജനശ്രീക്കുള്ളതായി സർക്കാർ കരുതുന്നത് ;

(ഡി) കുടുംബശ്രീയും ജനശ്രീയും പൊതുസ്വഭാവം, ഘടന, പ്രവർത്തനം അക്കൗണ്ടബിലിറ്റി തുടങ്ങിയ എന്തെല്ലാം കാര്യങ്ങളിൽ നിലവിൽ വ്യത്യാസപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ ?